**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3153** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കുട്ടികൾക്ക് ഹോമിയോ പ്രതിരോധ മരുന്ന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകൾ തുറക്കുമ്പോൾ കുട്ടികൾക്ക് ഹോമിയോ പ്രതിരോധ മരുന്ന് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് 2021 നവംബർ മുതൽ തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കരുതലോടെ മുന്നോട്ട് എന്ന കർമ്മ പദ്ധതിയ്ക്ക് 11.10.2021-ലെ സ.ഉ.(സാധാ)നം. 372/2021/ ആയുഷ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം രക്ഷിതാക്കളുടെ സമ്മതത്തോടെ സ്കൂൾ കുട്ടികൾക്ക് ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ മരുന്നുകളാണ് ഇപ്രകാരം സ്കൂളുകളിൽ കുട്ടികൾക്ക് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ ആയി Ars Alb 30ആണ് നൽകി വരുന്നത്. |
| (സി) | ഈ മരുന്നുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് ആധികാരിക പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കേന്ദ്ര ആയുഷ് മന്ത്രാലയം നിർദ്ദേശിച്ച മരുന്നാണ് നൽകുന്നത്. ഈ മരുന്നിന്റെ ഫലപ്രാപ്തി സംബന്ധിച്ച് സംസ്ഥാന തലത്തിൽ ആധികാരികമായി പഠനം നടത്തിയിട്ടില്ല. |
| (ഡി) | കുട്ടികൾക്ക് ഹോമിയോ മരുന്ന് നല്കുന്നതിനുള്ള തീരുമാനത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എതിർപ്പ് രേഖപ്പെടുത്തുകയുണ്ടായോ; എങ്കിൽ ആയതിന് ഐ.എം.എ. ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങൾ വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ